

മത്സ്യം

ഡോ. പി.എ. വികാസ്
സബ്ജക്ട് മാറ്റർ സ്പെഷലിസ്റ്റ്, കെവികെ,
കൊച്ചി. ഇ മെയിൽ: kvkernakulam@yahoo.co.in

# പായൽശല്യം പരിഹരിക്കാൻ കാർപ്

*? ഞങ്ങളുടെ നാട്ടിലെ പൊതു കുളം ആകെ പായൽ നിറഞ്ഞ് ഉപയോഗമില്ലാതെ കിടക്കുകയാണ്. കുളം എങ്ങനെ വൃത്തിയാക്കി സംരക്ഷിക്കാം.*

**വി. സുഗുണൻ,** തലയാഴം

● വേനൽക്കാലത്തു കുളത്തിലെ ജലനിരപ്പ് കുറയുന്ന സമയം നോക്കി പൂർണമായും വറ്റിച്ചതിനു ശേഷം പായലും മറ്റ് അഴുക്കുകളും കോരിക്കളഞ്ഞു കുളത്തിന്റെ അടിത്തട്ട് വിണ്ടുകീറാനിടണം. പൂർണമായും വറ്റിക്കാൻ കഴിയില്ലെങ്കിൽ പായലും മറ്റ് അഴുക്കുകളും കോരി വല ഉപയോഗിച്ചു പൂർണമായും കോരിക്കളഞ്ഞാൽ മതി. കുളത്തിനു ചുറ്റും പാഴ്ചെടികളും ഇലകൾ വീഴാനിയുള്ള മരക്കമ്പുകളും മറ്റും ഒഴിവാക്കണം. ഇലകൾ വീഴുന്ന തരത്തിൽ ചുറ്റിലും മരങ്ങൾ ഉണ്ടെങ്കിൽ കുളങ്ങളുടെ മുകളിൽ വലയിടണം.

ഒരിക്കൽ വൃത്തിയാക്കിയാലും ചെറിയ പായലുകളും മറ്റ് ചെടികളും ഈ കുളങ്ങളിൽ ശേഷിക്കുകയും ഇവ പിന്നീട് വളർന്നു നിറയുകയുമാണ് സാധാരണയുണ്ടാകുന്നത്. അതിനാൽ വൃത്തിയാക്കിയ കുളങ്ങളിൽ കുറഞ്ഞത് 5 അടി നിരപ്പിൽ വെള്ളം കയറ്റിയ ശേഷം പായൽ തിന്നുന്ന മത്സ്യങ്ങളെ നിക്ഷേപിക്കുക. ഇതിന് ഏറ്റവും പറ്റിയ മത്സ്യയിനം ഗ്രാസ് കാർപ് ആണ്. കുറഞ്ഞത് 8 മാസം പ്രായമുള്ളതോ 500 ഗ്രാം വലുപ്പമുള്ളതോ ആയ ഗ്രാസ് കാർപുകൾക്കാണ് പായൽ തിന്നാൻകഴിയുക. ഇത്തരം 20 മുതൽ 40 മത്സ്യങ്ങളെയാണ് ഒരു ഏക്കർ വിസ്തൃതിയുള്ള കുളത്തിൽ നിക്ഷേപിക്കേണ്ടത്. ഈ വലുപ്പമുള്ള ഗ്രാസ് കാർപ് മത്സ്യങ്ങളെ കിട്ടിയില്ലെങ്കിൽ വിരൽ വലുപ്പമുള്ള കുഞ്ഞുങ്ങളെ ഒരു ഏക്കറിലേക്ക് 200 മുതൽ 400 എണ്ണം എന്ന തോതിൽ നിക്ഷേപിക്കുക. അവയ്ക്കു പായൽ തിന്നാനുള്ള കഴിവ് കുറവായതിനാൽ ആദ്യത്തെ 6 മാസം വേറെ തീറ്റ കൂടി നൽകണം. ഇവ വളർന്നു വലുതാവുന്ന കാലയളവിൽ അമിതമായി പായൽ വളരുന്നതു കണ്ടാൽ കോരിക്കളയുകയും വേണം. വലുതായാൽ ഗ്രാസ് കാർപ് തന്നെ പായൽ തിന്നുമെന്നതിനാൽ പിന്നീട് പായൽ പ്രശ്നം ഉണ്ടാകില്ല.



MAGZTER

MAGZTER
Clipped from - KARSHAKASREE - February 01, 2022
Read it digitally on the Magzter app